**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2190** **21-06-2024 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ മണ്ഡലത്തിലെ ഊരത്തൂർ, മാലൂർ, മാങ്ങാട്ടിടം, തില്ലങ്കേരി എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നവീകരണ പ്രവൃത്തികളുടെ വിശദാംശം നൽകാമോ; | (എ) | **ഊരത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രം**<br><br>30 ലക്ഷം രൂപ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ലാബ്, ഫാർമസി, സ്റ്റോർ കെട്ടിടത്തിനായുള്ള പ്രവൃത്തി എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. 50 ലക്ഷം രൂപ എൻ.എച്ച്.എം ഫണ്ട്, 15 ലക്ഷം രൂപ ആർദ്രം (പ്ലാൻ)ഫണ്ട് എന്നിങ്ങനെ 65 ലക്ഷം രൂപ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.<br><br>**മാലൂർ പ്രാഥമികാരോഗ്യ കേന്ദ്രം**<br><br>എൽ.എസ്.ജി.ഡി, എൻ.എച്ച്.എം ഫണ്ടുകൾ, ആർദ്രം(പ്ലാൻ)ഫണ്ട് എന്നിങ്ങനെ 112 ലക്ഷം രൂപ ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവർത്തി ഉത്തരവ് നൽകി തുടർ നടപടി സ്വീകരിച്ചു വരുന്നു. 30 ലക്ഷം രൂപ എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തിക്കായുള്ള പ്രവർത്തി ഉത്തരവ് നൽകി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**മാങ്ങാട്ടിടം പ്രാഥമികാരോഗ്യ കേന്ദ്രം**<br><br>15 ലക്ഷം രൂപ ആർദ്രം (പ്ലാൻ) ഫണ്ട്, 50 ലക്ഷം രൂപ എൻ.എച്ച്.എം ഫണ്ട് മുഖേനയുള്ള കെട്ടിട നിർമ്മാണത്തിന്റെ ടെണ്ടർ നടപടി പൂർത്തിയാക്കി, നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 30 ലക്ഷം രൂപ എം.എൽ.എ ഫണ്ടു ഉപയോഗിച്ചും നിർമ്മാണ പ്രവർത്തി ആരംഭിക്കുന്നതാണ്<br><br>**തില്ലങ്കേരി കുടുംബാരോഗ്യ കേന്ദ്രം**<br><br>60 ലക്ഷം രൂപ എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണത്തിനായി ഏജൻസി സെലക്ഷൻ നടപടികൾ പുരോഗമിക്കുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ ഇമ്മ്യൂണൈസേഷൻ കെട്ടിടം |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപിടകൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ